പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2284

10.10.2011-ൽ
മറുപടിയ്ക്കു്

## മലബാറിലെ ക്ഷേത്ര കലാകാരൻമാർക്ക് സഹായധനം

ചോദ്യം
ശ്രീ. കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ)

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും കഴകക്കാർക്കും, തെയ്യം കലാകാരൻമാർക്കും വിതരണം ചെയ്തുവരുന്ന സഹായധനം മാസങ്ങളായി മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് എന്ത് സഹായം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മലബാറിലെ ക്ഷേത്ര സ്ഥാനീയർക്കും കോലധികാരികൾക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്നതിന് 2010-11 -ൽ ഒരു കോടി രൂപ നൽകിയിരുന്നു. 2011-12 -ലും ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തെ തുക 2011 മാർച്ച് മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക മലബാർ ദേവസ്വം ബോർഡിൻെറ അക്കൗണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചുവരുന്നു. ടി നടപടി പൂർത്തിയാക്കി ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ